**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5928 — 19.11.2019-ലെ മറുപടിയ്ക്ക്

## മഞ്ചേരി മണ്ഡലത്തിലെ ഗ്രാമീണ കളിസ്ഥലങ്ങൾ

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.എം.ഉമ്മർ</td><td colspan="2">ശ്രീ.ഇ.പി.ജയരാജൻ<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി</td></tr>
<tr><td>(എ)</td><td>സ്പോർട്സ് കൗൺസിൽ മുഖേന മഞ്ചേരി നിയോജകമണ്ഡലത്തിലെ ഗ്രാമീണ കളിസ്ഥലങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;</td><td rowspan="2">(എ)<br>&<br>(ബി)</td><td rowspan="2">പൈക്ക പദ്ധതി പ്രകാരം മഞ്ചേരി നിയോജകമണ്ഡലത്തിലെ ഗ്രാമീണ കളിസ്ഥലങ്ങൾ മെച്ചപ്പെടുന്നതിന് താഴെപ്പറയുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിന് ചുവടെ പറയുന്ന തുകകൾ അനുവദിച്ചിട്ടുണ്ട്.<br><br>
<table>
<tr><th>ക്രമ നം</th><th>ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത്</th><th>വർഷം</th><th>അനുവദിച്ച തുക (രൂപയിൽ)</th></tr>
<tr><td>1</td><td>തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്</td><td>2009-10</td><td>7,20,000/-</td></tr>
<tr><td>2</td><td>എടപ്പറ്റ ഗ്രാമപഞ്ചായത്ത്</td><td>2011-12</td><td>3,30,000/-</td></tr>
<tr><td>3</td><td>വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്</td><td>2011-12</td><td>3,80,000/-</td></tr>
</table>
<br>കൂടാതെ മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് കോമ്പൗണ്ടിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 8 ലെയ്ൻ സിന്തറ്റിക് ട്രാക്ക്, ഒളിമ്പിക് സ്വിമ്മിംഗ് പൂൾ, ഹോക്കി കോർട്ട് എന്നിവ ഉൾപ്പെടുത്തി മലപ്പുറം ജില്ലാ സ്റ്റേഡിയമായി ഉയർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.</td></tr>
<tr><td>(ബി)</td><td>പുതിയ ഏതെല്ലാം കളി സ്ഥലങ്ങളാണ് മഞ്ചേരി നിയോജകമണ്ഡലത്തിൽ ഏറ്റെടുത്ത് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**